ഉത്തരം

(എ) ഫാസ്റ്റ് ട്രാക്ക് കൗണ്ടർ സംവിധാനം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലോ, ജില്ലാ വ്യവസായ കേന്ദ്രങ്ങളിലോ നിലവിലില്ല.

(ബി—ഇ) ബാധകമല്ല.

വ്യവസായ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണം

11 [5567] ശ്രീ. യു. സി. രാമൻ:
„ വി. കെ. ഇബ്രാഹിംകുഞ്ഞ്:
„ കളത്തിൽ അബ്ദുള്ള:
„ ഇസ്ഹാക്ക് കുരിക്കൾ:
„ പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള കിൻഫ്ര, കെ. എസ്. ഐ. ഡി. സി. എന്നീ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണ തത്വം പാലിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്നുമുതൽ ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിൽ എന്നറിയിക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇതനുസരിച്ച് ഓരോ വർഷവും പ്രസ്തുത സ്ഥാപനങ്ങളിൽ നടത്തിയ നിയമനങ്ങളുടെ ജാതി തിരിച്ചുള്ള വിവരം അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കിൻഫ്രയിൽ, സർക്കാരിന്റെ അതാത് സമയത്തുള്ള സർക്കുലറുകളിലും കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് II-ലെ 14 മുതൽ 17 വരെയുള്ള റൂളുകളിലും പറഞ്ഞിട്ടുള്ള പ്രകാരമാണ് സംവരണ തത്വം പാലിച്ചിട്ടുള്ളത്.

കെ. എസ്. ഐ. ഡി. സി. യിൽ സർക്കാരിന്റെ ഉത്തരവ് പ്രകാരമാണ് 1984-ൽ കോർപ്പറേഷന്റെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിൽ കോർപ്പറേഷൻ നേരിട്ടു നടത്തുന്ന നിയമനങ്ങളിൽ സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രകാരം സംവരണ തത്വം പാലിക്കണം എന്ന വ്യവസ്ഥ ചേർത്തതും സംവരണതത്വം പാലിക്കാൻ ആരംഭിച്ചതും.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly